ാണ് അദർ ഡ്യൂട്ടിയിൽ കഴിഞ്ഞുവന്നത്. 1166 ജീവനക്കാരെ പഴയ തസ്തികയിലേക്ക് മയച്ചു. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച കാര്യങ്ങൾ മുമ്പുണ്ടായിട്ടുള്ള കാര്യങ്ങളാണ്. ഇന്ന് ഈ പ്രയാസം കുറഞ്ഞുവരുന്നുണ്ട്. ഏതെങ്കിലും പ്രദേശത്ത്, പ്രത്യേകമായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തിയാൽ ആ കാര്യം പൂർണ്ണമായി പരിശോധിക്കുകയും അതിന് പരിഹാരം കണ്ടെത്തുകയും ചെയ്യുന്നതാണ്. ഇന്ന് ഈ പറഞ്ഞ പ്രയാസങ്ങളെല്ലാം ഒഴിവായിരിക്കുകയാണ്.

(iii) ഏഴിമല നേവൽ അക്കാഡമി മാറ്റിക്കൊണ്ടുപോകുന്നതു സംബന്ധിച്ച്

ശ്രീ. എം. വി. രാഘവൻ: സർ, ഏഴിമലയിൽ കേന്ദ്രഗവൺമെന്റ് സ്ഥാപിക്കുമെന്നുപറഞ്ഞ നേവൽ അക്കാഡമി അവിടെ സ്ഥാപിക്കാൻ പോകുന്നില്ല, സ്ഥലം മാറ്റാൻ പോകുന്നുവെന്നൊരു ആശങ്ക പരന്നിട്ടുണ്ട്. 2,600 ഏക്കർ സ്ഥലം ഇതിനുവേണ്ടി ഗവൺമെന്റ് അക്വിസിഷൻ നടത്തിയതാണ്. ഏതാണ്ട് 20 കോടി രൂപ കേന്ദ്രഗവൺമെന്റ് തന്നെ കടം തന്നിട്ടാണ് അത് നടത്തിയിട്ടുള്ളത്. അവിടെ അത്തരമൊരു സ്ഥാപനം വരുന്നതിനുവേണ്ടി കൃഷിക്കാർ ത്യാഗം സഹിക്കണം. അതുകൊണ്ട് ഒഴിഞ്ഞുപോകണമെന്ന് പറഞ്ഞവരാണ് ഞങ്ങൾ. അങ്ങനെ അവർ അവിടെനിന്നും ഒഴിഞ്ഞുപോയി. അവർക്കാണെങ്കിൽ 30 ശതമാനം ഇനിയും കൊടുക്കാനുണ്ട്. 5 കോടി രൂപയോളം കൊടുത്തുതീർക്കാനുണ്ട്. അതും കൊടുത്തിട്ടില്ല. അതുപോലെതന്നെ ഈ അക്കാഡമിക്കുവേണ്ടി കേന്ദ്രം ആവശ്യപ്പെട്ട റോഡും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടില്ല. മേയ് മാസം പാർലമെന്റിൽ ശ്രീ. നരസിംഹറാവു പറഞ്ഞത്, ഈ അക്കാഡമി സ്ഥാപിക്കാൻ ആറ് കൊല്ലം ആവശ്യമാണെന്നാണ്. ഇപ്പോഴും മലയാള മനോരമപോലുള്ള പത്രങ്ങളിൽ കാണുന്നത് കൊച്ചിയിൽ 15 കൊല്ലമായി പ്രവർത്തിച്ചുവരുന്ന ഈ അക്കാഡമി ഗോവയിലേക്ക് മാറ്റുന്നു എന്നാണ്. ഈ മാറ്റം ഏഴിമലയെ പ്രതികൂലമായി ബാധിക്കും, ഈ അക്കാഡമി നഷ്ടപ്പെടും എന്നാണ് പറയുന്നത്. ഈ ഗുരുതരാവസ്ഥ ഗവൺമെന്റ് മനസ്സിലാക്കിയിട്ടുണ്ടോ? കോച്ച് ഫാക്ടറിപോലെ ഇതും പോകുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, അക്കാഡമിക്ക് ആവശ്യമായിട്ടുള്ള സ്ഥലം എടുത്ത് ഏൽപ്പിച്ചുകഴിഞ്ഞു. 1984 മേയ് മാസത്തിൽതന്നെ ഭൂമി ഏൽപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. മറ്റുള്ള പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. എനിക്ക് ഈ സമയംവരെ കിട്ടിയ അറിവനുസരിച്ച് ഏഴിമലയിൽ സ്ഥാപിക്കാൻ പോകുന്ന നേവൽ അക്കാഡമി ഗോവയിലേക്ക് മാറ്റാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടില്ല. അതുകൊണ്ട് യാതൊരു ഉൽക്കണ്ഠയ്ക്കും അവകാശമില്ല. പക്ഷേ വർക്ക് ടേക് അപ്പ് ചെയ്യാൻ അഡ്മിനിസ്ട്രേറ്റീവ് ഡിലേ ഉണ്ട്. അത് അവരുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

(iv) റേഷൻകടക്കാർക്കു നൽകുന്ന കമ്മീഷൻ വർദ്ധിപ്പിക്കണമെന്ന ആവശ്യം

ശ്രീ. പി. സി. ജോർജ്ജ്: ഇന്നത്തെ ഗവൺമെന്റ് നിയമം നിന്നാൽ പൊതുവിതരണ രംഗത്ത് സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന 1,200-ഓളം വരുന്ന റീട്ടെയിൽ റേഷൻ വിതരണ തൊഴിലാളികളിൽ ഒരാൾ

LIBRARY ARCHIVES Kerala Legislative Assembly

പോലും മരിച്ചാൽ സ്വർഗ്ഗത്തു പോവുകയില്ല. ഇന്ന് ഗവൺമെന്റിന്റെ നിയമമനുസരിച്ചുള്ള കമ്മീഷൻ കൊടുത്താൽ ഹോൾസെയിൽ കടകളിൽ നിന്ന് റേഷൻ വ്യാപാരികൾക്ക് റേഷൻ എടുത്തുകൊണ്ടുപോയി റീടെയിൽ കടകളിൽ വിൽക്കാൻ സാധിക്കുകയില്ല. ഇപ്പോൾ പഞ്ചസാര കിലോയ്ക്ക് 4.40 രൂപയ്ക്ക് വിൽക്കണമെന്നാണ് നിയമം. ഉദാഹരണമായി പൂഞ്ഞാർ എടുത്താൽ പാലായിൽനിന്ന് എടുത്ത് പാതാമ്പുഴ കൊണ്ടുപോകുമ്പോൾ ഇതിന്റെ വണ്ടിക്കൂലി ഉൾപ്പെടെ, 4.41 പൈസ ഒരു കിലോ പഞ്ചസാരയ്ക്ക് റേഷൻകടക്കാരൻ ഹോൾസെയിൽ കടക്കാരന് കൊടുക്കണം. അങ്ങനെയാണെങ്കിൽ 4.40 രൂപയ്ക്ക് റേഷൻ പഞ്ചസാര ഉപഭോക്താക്കൾക്ക് കിട്ടുകയില്ല. അപ്പോൾ റേഷൻ കച്ചവടക്കാർ അളവിലും തൂക്കത്തിലും വ്യത്യാസം വരുത്തി ലാഭമുണ്ടാക്കാൻ ശ്രമിക്കും. അവരെ എന്തിനാണ് നമ്മൾ നരകത്തിൽ കൊണ്ടുപോകുന്നത്? അതുകൊണ്ട് ഈ കമ്മീഷനിൽ മാറ്റം വരുത്തി ഉപഭോക്താക്കൾക്ക് ന്യായമായ വിലയ്ക്ക് റേഷൻ കിട്ടുന്നതിനാവശ്യമായ തീരുമാനമെടുക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ.യു.എ.ബീരാൻ): സർ, റേഷൻ വ്യാപാരികളുടെ കമ്മീഷൻ 1984 ജനുവരി 16-ാം തീയതി വർദ്ധിപ്പിച്ചുകൊടുക്കുകയുണ്ടായി. റേഷൻ വ്യാപാരികളുടെ അസോസിയേഷന്റെയും മറ്റും നിരന്തരമായ ആവശ്യങ്ങളെ തുടർന്നാണ് കുറെ കാലത്തിനുശേഷം ഇങ്ങനെ കമ്മീഷൻ വർദ്ധിപ്പിച്ചുകൊടുത്തത്. ഇന്ന് ഒരു ക്വിന്റലിന് ഒരു രൂപാവീതം കമ്മീഷൻ അവർക്ക് വർദ്ധിപ്പിച്ചു കൊടുക്കുകയുണ്ടായി. ഇനിയിപ്പോൾ വർദ്ധിപ്പിക്കാൻ നിവൃത്തിയില്ല. ഇനി ഇത് വർദ്ധിപ്പിച്ചാൽ റേഷൻ അരിയുടെ വിലയെ ബാധിക്കും. അതിനുംപുറമെ കേന്ദ്രഗവൺമെന്റിന്റെ വ്യക്തമായ നിർദ്ദേശവും ഉണ്ട്—കേന്ദ്രത്തിൽനിന്നു നൽകുന്ന സാധനങ്ങളാണ് നമ്മുടെ റേഷൻ ഷാപ്പുകളിൽ കൂടി വിതരണം ചെയ്യുന്നത്—ഇതിനെ സംബന്ധിച്ചിടത്തോളം കേന്ദ്രത്തിന്റെ നിർദ്ദേശം കേന്ദ്രത്തിന്റെ ഇഷ്യൂ പ്രൈസും സ്റ്റേറ്റ് ഗവൺമെന്റിന്റെ സെല്ലിംഗ് പ്രൈസും തമ്മിൽ വില വ്യത്യാസത്തിൽ 15 രൂപയിൽ കവിയാൻ പാടില്ലെന്നാണ്. നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾതന്നെ ഇത് 16 രൂപമുതൽ 21 രൂപ വരെ ആയിട്ടുണ്ട്. അതുകൊണ്ട് ഈ അവസരത്തിൽ തൽക്കാലം റേഷൻ വ്യാപാരികളുടെ കമ്മീഷൻ വർദ്ധിപ്പിക്കാൻ നിർവ്വാഹമില്ല എന്നുള്ള വസ്തുത ഖേദസമേതം അറിയിക്കുന്നു.

(v) പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികളുടെ സമരം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, സ്വകാര്യ മേഖലയിൽ പുതിയതായി 15 പോളിടെക്നിക്കുകൾ തുടങ്ങാനും ഷൊർണൂരിൽ ഒരു ആയുർവ്വേദ കോളേജ് തുടങ്ങാനുമുള്ള ഗവൺമെന്റ് തീരുമാനത്തിനെതിരായി കേരളത്തിലെ പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ കഴിഞ്ഞ കുറച്ചു നാളുകളായി സമരംചെയ്തുകൊണ്ടിരിക്കുകയാണ്. ഇന്ന് വിദ്യാർത്ഥികൾ സംസ്ഥാനത്തുടനീളം പഠിപ്പുമുടക്കിയിരിക്കുകയാണ്. സ്വകാര്യ വിദ്യാഭ്യാസരംഗത്ത് സ്ഥാപനങ്ങൾ കൂടുതൽ കൂടുതൽ അനുവദിക്കുന്ന ഈ ഗവൺമെന്റിന്റെ നയം അവസാനിപ്പിക്കാൻ തയ്യാറാകുമോ; പഠിപ്പുമുടക്ക് അവസാനിപ്പിക്കാൻ മുൻകൈ എടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly